പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2893 — 20-7-2011 ന് മറുപടിക്ക്

**ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി, (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി.) |
| എ) കൊച്ചി നഗരത്തിന്റെ വികസനത്തിനായി ജെ.എൻ.എൻ.യു. ആർ.എം. പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട തുകയിൽ ഇനി എത്ര രൂപയാണ് ചെലവഴിച്ചു തീർക്കാനുള്ളത്; | എ) കൊച്ചി നഗരത്തിന്റെ വികസനത്തിനായി ജെ.എൻ.എൻ.യു. ആർ.എം. പദ്ധതി പ്രകാരം 41068.41 ലക്ഷം രൂപയാണ് ചെലവഴിച്ച് തീർക്കാനുള്ളത് |
| ബി) തുക ബാക്കിയുണ്ടെങ്കിൽ സമയബന്ധിതമായി പ്രസ്തുത തുക വിനിയോഗിക്കുന്നതിന് എന്തൊക്കെ കർമ്മ പരിപാടികളാണ് ഉദ്ദേശിക്കുന്നത്; | ബി) ശുദ്ധജല വിതരണ പദ്ധതിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാലാണ് തുക പൂർണ്ണമായും ഉദ്ദേശിച്ച രീതിയിൽ ചെലവഴിക്കാൻ സാധിക്കാത്തത്. അതിനാൽ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അഴുക്കുചാൽ നിർമ്മാണത്തിനുള്ള ആദ്യ പദ്ധതി പൂർണ്ണമായും പുതുക്കി പുതിയ പദ്ധതിയായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇപ്പോൾ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.<br>ഓട നിർമ്മാണം പൂർത്തീകരിച്ചു വരുകയാണ്. ഖര മാലിന്യ സംസ്കരണ പദ്ധതി കൊച്ചി നഗരസഭയ്ക്കും കളമശ്ശേരി, തൃപ്പൂണിത്തുറ എന്നീ മുനിസിപ്പാലിറ്റികൾക്കും /3 |

പഞ്ചായത്തുകൾക്കും കുടിവെള്ളംതാണ് മറ്റു പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

നഗരഗതാഗത പദ്ധതിക്ക് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ തീവ്രകർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കി ബസ് വാങ്ങൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

ഇ-ഗവേർണൻസ്, പൈതൃക സംരക്ഷണം തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനം പുരോഗമിച്ച് വരുന്നു.

സി) മുൻ സർക്കാരിന്റെ കാലത്ത് ജെ.എൻ.എൻ.യു.ആർ.എം. ഫണ്ട് ലാപ്സായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സി) ഇല്ല.

സെക്ഷൻ ഓഫീസർ